സൂറഃ-8

# അൽ അൻഫാൽ

وَأَلَّفَ بَيْنَ قُلُوبِهِمْ ۚ لَوْ أَنفَقْتَ مَا فِى ٱلْأَرْضِ جَمِيعًا مَّآ أَلَّفْتَ بَيْنَ قُلُوبِهِمْ وَلَـٰكِنَّ ٱللَّهَ أَلَّفَ بَيْنَهُمْ ۚ إِنَّهُۥ عَزِيزٌ حَكِيمٌ ﴿٦٣﴾

يَـٰٓأَيُّهَا ٱلنَّبِىُّ حَسْبُكَ ٱللَّهُ وَمَنِ ٱتَّبَعَكَ مِنَ ٱلْمُؤْمِنِينَ ﴿٦٤﴾

**63.** വിശ്വാസികളുടെ മനസ്സുകളെ കൂട്ടിയിണക്കിയതും അവൻ തന്നെ. ഭുവനത്തിലുള്ള വിഭവങ്ങളൊക്കെയും വിനിയോഗിച്ചാലും ആ മനസ്സുകളെ ഇണക്കാൻ നിനക്കു കഴിയുമായിരുന്നില്ല; അല്ലാഹുവാണ് അവരെ തമ്മിലിണക്കിയത്. അവൻ അജയ്യനും അഭിജ്ഞനുമല്ലോ.

**64.** അല്ലയോ പ്രവാചകാ, നിനക്കും നിന്നെ പിന്തുടർന്ന വിശ്വാസികൾക്കും അല്ലാഹു തന്നെ എത്രയും മതിയായവനാകുന്നു.

وَأَلَّفَ= കൂട്ടിയിണക്കി(യതും അവൻ തന്നെ)
بَيْنَ قُلُوبِهِمْ= അവരുടെ(വിശ്വാസികളുടെ) മനസ്സുകളെ لَوْ أَنفَقْتَ= നീ ചെലവഴിച്ചാൽ(ലും) مَا فِى ٱلْأَرْضِ= ഭുവനത്തിലുള്ളത്
جَمِيعًا= ഒക്കെയും مَّآ أَلَّفْتَ= നീ ഇണക്കിയില്ല (നിനക്ക് ഇണക്കാൻ കഴിയുകയില്ല) بَيْنَ قُلُوبِهِمْ= അവരുടെ മനസ്സുകളെ
وَلَـٰكِنَّ ٱللَّهَ= പ്രത്യുത അല്ലാഹുവാകുന്നു أَلَّفَ بَيْنَهُمْ= അവരെ തമ്മിലിണക്കിയത് إِنَّهُۥ عَزِيزٌ= നിശ്ചയം അവൻ അജയ്യനാകുന്നു
حَكِيمٌ= അഭിജ്ഞനുമാകുന്നു يَـٰٓأَيُّهَا ٱلنَّبِىُّ= അല്ലയോ പ്രവാചകാ
حَسْبُكَ ٱللَّهُ= നിനക്ക് അല്ലാഹു(തന്നെ എത്രയും) മതി(യായവനാകുന്നു) وَمَنِ ٱتَّبَعَكَ= നിന്നെ പിന്തുടർന്നവർക്കും
مِنَ ٱلْمُؤْمِنِينَ= വിശ്വാസിക(ൾക്കും)ളാൽ

**63:** മുൻ സൂക്തത്തിൽ, അല്ലാഹു അവന്റെ സഹായത്താലും വിശ്വാസികളാലും പ്രവാചകനെ സഹായിച്ചു എന്നു പറഞ്ഞിട്ടുള്ളതിന്റെ വിശദീകരണമാണിത്. മക്കയിൽനിന്ന് പലായനം ചെയ്തെത്തിയ ഖുറൈശികളും മദീനയിലെ ഔസ്-ഖസ്റജ് ഗോത്രങ്ങളും മറ്റു പല ഗോത്രങ്ങളിൽ നിന്നുള്ളവരുമെല്ലാം ഒരേ മനസ്സോടെ ഒറ്റക്കെട്ടായി ഈ ദീനിൽ നിലകൊള്ളുകയും അതിന്റെ സാക്ഷാത്കാരത്തിനായി എന്തു ത്യാഗപരിശ്രമങ്ങൾക്കും തയാറാവുകയും ചെയ്തു എന്ന ഒറ്റക്കാര്യംതന്നെ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു. ജാഹിലീ അറബികളുടെ ചരിത്രത്തെക്കുറിച്ച് ധാരണയുള്ള ആർക്കും അത് മനസ്സിലാക്കാവുന്നതാണ്. ഗോത്രാഭിമാനവും വംശീയ പക്ഷപാതിത്വവുമായിരുന്നു അറബികളുടെ മുഖമുദ്ര. തങ്ങൾ വലിയ ആഢ്യന്മാരും പ്രതാപികളുമാണെന്ന് ഓരോ ഗോത്രവും കരുതിപ്പോന്നതിനാൽ അവരുടെ ഗോത്രാഭിമാനം ഒരുതരം ദുരഭിമാനം തന്നെയായിരുന്നു. ഒരു ഗോത്രത്തിലെ അംഗത്തെ അന്യഗോത്രക്കാരൻ ശകാരിച്ചാൽ മതി, ഇരു ഗോത്രങ്ങൾ തമ്മിൽ നീണ്ട യുദ്ധം തുടങ്ങുകയായി. ഗോത്രങ്ങൾ തമ്മിലുള്ള മമതയോ മൈത്രിയോ ആയിരുന്നില്ല അവർക്കിടയിൽ ഉണ്ടായിരുന്ന കരാറുകളുടെയും സഖ്യങ്ങളുടെയും പ്രേരകം; പ്രത്യുത ശത്രുക്കളുമായുള്ള യുദ്ധത്തിൽ പരസ്പരം സഹായിക്കുന്നതിനുവേണ്ടിയായിരുന്നു. ഇത്തരം സഖ്യങ്ങളാവട്ടെ എപ്പോഴും മാറിമറിഞ്ഞുകൊണ്ടിരിക്കും. മതവും സംസ്കാരവും ജീവിതരീതിയും ഏറക്കുറെ ഒന്നായിരുന്നുവെങ്കിലും അതൊന്നും ഗോത്രങ്ങളെ പരസ്പരം കൂട്ടിയിണക്കിയിരുന്നില്ല. സമത്വം എന്ന ആശയം അജ്ഞാതമായിരുന്നതിനാൽ ഓരോ ഗോത്രവും തങ്ങൾക്കുണ്ടെന്ന് സ്വയം ഭ്രമിച്ച ആഢ്യത്വവും മഹത്ത്വവും സ്ഥാപിക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരുന്നു. മറ്റുള്ളവരെ കടന്നാക്രമിക്കാനും കീഴടക്കാനും കിട്ടുന്ന ഒരവസരവും ആരും പാഴാക്കാറില്ല. കിടമത്സരം ഓരോ ഗോത്രത്തിന്റെയും ഉപഗോത്രങ്ങളിൽപോലും നടമാടിയിരുന്നു. ഖുറൈശി ഗോത്രത്തിൽതന്നെ അബ്ദുശ്ശംസ് കുടുംബവും ഹാശിം കുടുംബവും തമ്മിൽ അകമേ രസത്തിലായിരുന്നില്ല. അതുപോലെ ഖുറൈശികളിലെ മറ്റൊരു ഉപഗോത്രമായ മഖ്സൂം കുടുംബത്തിനും പ്രവാചകന്റെ കുടുംബമായ ഹാശിമിനോട് സ്പർധയുണ്ടായിരുന്നു. മക്കയുടെ പരിസരത്തു വസിച്ചിരുന്ന ജുശം,

ഖുസാഅ ഗോത്രങ്ങൾ ഖുറൈശികളുടെ പൊതു ശത്രുക്കളായിരുന്നു. മദീനയിലാവട്ടെ ഔസ്-ഖസ്റജ് ഗോത്രങ്ങൾ തമ്മിലുണ്ടായിരുന്ന വൈരത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടായിരുന്നു. രണ്ടു ഗോത്രങ്ങളുടെയും പക്ഷത്തുചേർന്ന മദീനയിലെ യഹൂദ ഗോത്രങ്ങളും പരസ്പരം യുദ്ധം ചെയ്തുകൊണ്ടിരുന്നു.

ഈ വിധം വൈരത്തിന്റെയും വെറുപ്പിന്റെയും രക്തരൂഷിതമായ പാരമ്പര്യം പേറുന്ന അറബികളെ, അവരുടെ ഗോത്ര ദുരഭിമാനത്തെ തൃപ്തിപ്പെടുത്താത്ത യാതൊരു സംഗതിക്കുവേത്തുനിന്നും ആളുകൾ ഓടികൂടിക്കൊള്ളും. പക്ഷേ, ഈ ലോകത്ത് ഒരു ലാഭവും ചൂണ്ടിക്കാണിക്കാതെ അല്ലാഹുവിന്റെ പ്രീതിയും പരലോക വിജയവും മാത്രം വാഗ്ദാനം ചെയ്യുന്ന ദർശനത്തിലേക്ക് ആളുകൾ ഓടിക്കൂടുകയില്ല. അതിന് അല്ലാഹുവിന്റെ പിന്തുണ നിങ്ങൾക്കുണ്ടാവണം. അവൻ മാർഗദർശനത്തിനുതവിയരുളുന്നവർ മാത്രമേ സന്മാർഗം പ്രാപിക്കൂ. പ്രവാചകന്റെ ചുറ്റിലും വന്നുകൂടിയവർ തങ്ങളുടെ പുതിയ ജീവിതം സ്വീകരിക്കുന്നതിനുമുമ്പ് ജാഹിലിയ്യത്തിന്റെ എല്ലാ തിന്മകളും അംഗീകരിക്കുകയും ആചരിക്കുകയും ചെയ്തവരായിരുന്നു. പൊതുവായ ദൈവങ്ങൾ ഏറെയുണ്ടായിരുന്നുവെങ്കിലും ഓരോ ഗോത്രത്തിന്റെയും ഇഷ്ടദേവതകൾ വ്യത്യസ്തമായിരുന്നു. പരസ്പരം ഏറ്റുമുട്ടുന്നതിലായിരുന്നു ഗോത്രങ്ങളുടെ താൽപര്യങ്ങൾ. സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ധർമാധർമങ്ങളോ ന്യായാന്യായങ്ങളോ ആർക്കും പ്രശ്നമായിരുന്നില്ല. ഇങ്ങനെയുള്ള ഒരു ജനതയെ അവരുടെ കടുത്ത വംശീയ വികാരത്തിൽനിന്നും തലമുറകളായി തുടർന്നുവന്ന ആചാര സമ്പ്രദായങ്ങളിൽനിന്നുമെല്ലാം മോചിപ്പിച്ച് പുതിയൊരു മൂല്യവ്യവസ്ഥയിൽ കെട്ടിപ്പടുക്കുകയും ആ മൂല്യവ്യവസ്ഥയെ സ്വന്തം ദേശീയതയെക്കാളും പ്രാദേശികതയെക്കാളും പൈതൃകമായ ആചാര വിശ്വാസങ്ങളെക്കാളും എന്തിനേറെ, സ്വന്തം കുടുംബത്തെക്കാളും വസ്തുവഹകളെക്കാളുമെല്ലാം പ്രിയപ്പെട്ടതാക്കിത്തീർക്കാനും അതിന്റെ സംരക്ഷണത്തിനു വേണ്ടി ജീവൻവരെ തൃണവൽഗണിച്ചു പടപൊരുതാൻ സന്നദ്ധരാക്കാനും അല്ലാഹുവിനു മാത്രമേ കഴിയൂ. ലോകത്തുള്ള മുഴുവൻ വിഭവങ്ങളും തന്ത്രങ്ങളും വിനിയോഗിച്ചാലും മനുഷ്യരിലാർക്കും അതു സാധ്യമാവുകയില്ല. ഈ വിധത്തിലാണ് അല്ലാഹു വിശ്വാസികളെ സഹായിച്ചുകൊണ്ടിരിക്കുക. അഭിജ്ഞനായ അല്ലാഹുവിന്റെ നടപടികളൊന്നും അന്ധമായിട്ടുള്ളതുമല്ല. ആരെ സഹായിക്കണം, എപ്പോൾ സഹായിക്കണം, ആർക്ക് സന്മാർഗ ദർശനം നൽകണം, ആർക്കതു വിലക്കണം എന്നെല്ലാം അവൻ തീരുമാനിക്കുന്നത് തികഞ്ഞ ജ്ഞാനത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിലാണ്.

**64:** വിശ്വാസികളെ യുദ്ധത്തിനു പ്രേരിപ്പിക്കാൻ പ്രവാചകനോടാവശ്യപ്പെടുന്ന അടുത്ത സൂക്തത്തിനുള്ള ഒരാമുഖമാണീ സൂക്തം. മുൻസൂക്തത്തിൽ വാഗ്ദാനം ചെയ്ത ദൈവിക സഹായം ഒന്നുകൂടി ഉറപ്പു നൽകിയിരിക്കുന്നു ഇതിൽ. വിശ്വാസികളുടെ സാന്നിധ്യവും സേവനവും അല്ലാഹുവിന്റെ അനുഗ്രഹമായി പ്രവാചകന് ചൂണ്ടിക്കാണിച്ചുകൊടുത്തശേഷം അതേമട്ടിലുള്ള സഹായം പ്രവാചകനോടൊപ്പം, അദ്ദേഹത്തെ പിന്തുടരുന്ന വിശ്വാസികൾക്കും വാഗ്ദാനം ചെയ്തിരിക്കുന്നു. താൽപര്യമിതാണ്: പ്രവാചകന് വിശ്വാസികളുടെ സേവനത്തിലൂടെ അല്ലാഹു നൽകുന്ന സഹായംതന്നെ ശത്രുക്കളെ ജയിക്കാൻ മതിയായ ശക്തിയാണ്. ശത്രുക്കളുടെ പെരുപ്പംകണ്ട് പ്രവാചകനും വിശ്വാസികളും ഒട്ടും ബേജാറാവേണ്ട. ഉറച്ച വിശ്വാസത്തിന്റെ ഫലമായി അല്ലാഹു നിങ്ങൾക്കരുളുന്ന ആത്മവീര്യത്തിന്റെ മുമ്പിൽ അവിശ്വാസത്തിന്റെ കോട്ടകൾ തകർന്നുവീഴുക തന്നെ ചെയ്യും.

ഈ സൂക്തം, ഉമർ(റ)ന്റെ മാനസാന്തരത്തെത്തുടർന്ന് അവതരിച്ചതാണെന്നും തൊട്ടുമുമ്പുള്ള സൂക്തം ഔസ്-ഖസ്റജ് ഗോത്രങ്ങളെക്കുറിച്ചവതരിച്ചതാണെന്നും ചില നിവേദനങ്ങളുണ്ട്. ഉമറിന്റെ മാനസാന്തരത്തെ തുടർന്നാണ് ഈ സൂക്തം അവതരിച്ചത് എന്ന നിവേദനത്തെ പ്രബലമായ മറ്റു ചില നിവേദനങ്ങൾ ഖണ്ഡിക്കുന്നുണ്ട്. മുൻ സൂക്തം ഔസ്-ഖസ്റജ് ഗോത്രങ്ങളെക്കുറിച്ചാണെന്ന നിവേദനത്തിനടിസ്ഥാനം, ജാഹിലിയ്യാകാലത്ത് ബദ്ധ വിരോധികളായിരുന്ന ഈ രണ്ടു ഗോത്രങ്ങൾ ഇസ്‌ലാമിന്റെ ആഗമനത്തോടെ ആ വിരോധമെല്ലാം മറന്ന് പരസ്പരം സഹോദരങ്ങളായി വർത്തിച്ചു എന്നതാണ്. ഈ സൂക്തം പറയുന്ന സംഗതിയുടെ ഏറ്റം പ്രകടമായ ഉദാഹരണമാണ് ഔസ്-ഖസ്റജ് ഗോത്രങ്ങൾ. എങ്കിലും ബദ്ർ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ, 'അല്ലാഹു അവരുടെ ഹൃദയങ്ങൾ കൂട്ടിയിണക്കി' എന്നു പറയുന്നത് ചുരുങ്ങിയത് ആ യുദ്ധത്തിൽ പങ്കെടുത്ത വിവിധ ഗോത്രങ്ങളുടെ ഹൃദയങ്ങളെയെങ്കിലും ഉദ്ദേശിച്ചാണെന്ന് കരുതേണ്ടിയിരിക്കുന്നു. അതിനു മുമ്പും പിമ്പും ഉള്ള സൂക്തങ്ങൾ പരാമർശിക്കുന്നത് വിശ്വാസികളെ പൊതുവിലാണ്. അതുകൊണ്ട് മധ്യത്തിൽ പറയുന്ന 'അവർ' കൊണ്ട് വിവക്ഷ മൊത്തം വിശ്വാസികളാണെന്ന് മനസ്സിലാക്കുന്നതാണ് കൂടുതൽ ഉചിതം. ■